# വചനവിചിന്തനം. സെപ്തംബർ 27 ഞായർ, 2009

## Mt. 17 : 14 - 21, 22, 23.

### പൊള്ളുന്ന രണ്ടു ജീവിതാനുഭവങ്ങളുടെ താഴ്‌വര. -

ഒന്നാമത്തേത് അപസ്മാര രോഗത്തിന്റെ ദൈന്യതയിൽ ഒരു കുട്ടി, അവന്റെ സൗഖ്യത്തിനു വേണ്ടി നെഞ്ചുരുകി യാചിക്കുന്ന പിതാവ്, കുഞ്ഞിനെ സുഖപ്പെടുത്താനാവാത്ത ക്രിസ്തുശിഷ്യരുടെ നിസ്സഹായതയും ജനകീയ വിചാരണയും.

രണ്ടാമത്തേത് (22, 23) പീഢാനുഭവങ്ങളുടെയും കുരിശുമരണത്തിന്റെയും ഈറ്റുനോവിലൂടെ രക്ഷകനായി ഉയിർക്കേണ്ട മനുഷ്യപുത്രന്റെ ഉള്ളുരുക്കങ്ങൾ.

ജീവിതത്തിന്റെ എല്ലാ തകർച്ചകളും പച്ചകുത്തിയാടുന്ന രംഗവേദി.

താബോർ മലയുടെ മുകളിൽ നിന്നുവേണം ഈ താഴ്‌വരയിലേയ്ക്ക് കണ്ണോടിക്കാൻ. (ഇതിനു തൊട്ടുമുൻപുള്ള ആവിഷ്കാരം രൂപാന്തരീകരണത്തിന്റേത്.)

മലമുകളിലെ ദൈവദർശനങ്ങളും രൂപാന്തരീകരണവും അവാച്യമായ അനുഭവമായിരുന്നു. അതുകൊണ്ടാണ് കൂടെയുണ്ടായിരുന്ന ശിഷ്യന്മാർ പറയുന്നത് മൂന്നു കൂടാരങ്ങൾ തീർക്കാം നമുക്കിവിടെ; എന്നും ഈ അനുഭവത്തിൽ വസിക്കാം എന്നൊക്കെ.

പക്ഷേ ക്രിസ്തു തയ്യാറാകുന്നില്ല. അവൻ മലയിറങ്ങുകയാണ്, മനുഷ്യന് തകർച്ചകളും, മനുഷ്യപുത്രന് പീഢാനുഭവങ്ങളും കാത്തു വച്ചിരിക്കുന്ന താഴ്‌വരയിലേയ്ക്ക് - അപസ്മാരബാധിതനായ കുഞ്ഞിന്റേയും അവന്റെ പിതാവിന്റെയും ഉള്ള് എരിയുന്നതു കണ്ട് വിരൽത്തുമ്പിൽ സൗഖ്യം കരുതിക്കൊണ്ട്, ശിഷ്യന്മാരെ സ്നേഹപൂർവ്വം പ്രാർത്ഥനാനുഭവത്തിന്റെ മലകയറാൻ ഓർമ്മിപ്പിച്ചുകൊണ്ടും. ഇത് രണ്ട് ജീവിതദർശനങ്ങളാണ്. - ആത്മീയാനുഭവത്തിന്റെ മലമുകളിൽ നിന്നും ശക്തി സ്വീകരിച്ച് ജീവിതദുരിതങ്ങളുടെ താഴ്‌വരയിലേയ്ക്ക് ഇറങ്ങണമെന്ന് ഓർമ്മിപ്പിക്കുന്ന ക്രിസ്തുദർശനവും, മലമുകളിലെ ദൈവസാന്നിദ്ധ്യത്തിനു നടുവിൽ കൂടാരം തീർത്ത് കഴിഞ്ഞാൽ മതി, ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കേണ്ട എന്ന മനുഷ്യദർശനവും.

താബോർ ഒരു പ്രതീകമാണ്. പ്രാർത്ഥനാനുഭവത്തിന്റെ ഉയർച്ചയിൽ മലമുകൾവരെ എത്തുമ്പോൾ ഒരാൾക്കു കിട്ടുന്ന ദൈവാനുഭവത്തിന്റെ പേരാണ് രൂപാന്തരീകരണാനുഭവം. അവിടെ മനുഷ്യൻ അവനെത്തന്നെ വിട്ടുകൊടുക്കുകയാണ് - ആകാശം ചായ്ച്ചിറങ്ങുന്ന പിതാവിന്റെ നെഞ്ചോടു ചേർത്തുവയ്ക്കാൻ എന്നിട്ട്, നീയെന്റെ പ്രിയപുത്രനല്ലേ, എന്ന അവന്റെ ആശ്വാസവാക്കു കേൾക്കാൻ. ഈ സ്വരവും ഈ ദർശനവും ഏതൊരാൾക്കും രൂപഭേദത്തിനു കാരണമാകും. എത്ര സങ്കടങ്ങളുള്ളവനും പിന്നെ പീഢാനുഭവങ്ങളുടെ മല കയറാൻ ഈ അനുഭവത്തിന്റെ കരുത്ത് ഊർജ്ജമാണ്.

ജീവിതത്തിന്റെ വഴികളിൽ നിന്നെ കാത്തിരിക്കുന്നത് രോഗത്തിന്റെയും നിസ്സഹായതയുടേയുമൊക്കെ താഴ്‌വാരമാകാം - അപസ്മാര ബാധിതനേപ്പോലെ, അല്ലെങ്കിൽ കുരിശുമരണത്തിലേയ്ക്കു നടത്തുന്ന പീഢാനുഭവങ്ങളാകാം -ക്രിസ്തുവിനെപ്പോലെ. ഏതായാലും ,താബോർ എന്ന പ്രാർത്ഥനാനുഭവത്തിലെ രൂപാന്തരീകരണമാകണം നിന്റെ ശക്തി.

ഈ മലകയറാൻ (താബോറിന്റെ) നിനക്കു ഉണ്ടാകേണ്ടത് ഒരു കടുകുമണിയോളം വിശ്വാസവും.

മലയുടെ ഉയരത്തിൽ നിന്നെകാത്തിരിക്കുന്ന ദൈവവും അവന്റെ ഇടപെടലുകളും കാഴ്ചയുടെ പരിധിയിലില്ല. അതുകൊണ്ട് കാണപ്പെടാത്തവ ഉണ്ട് എന്ന ബോദ്ധ്യമാണ് വിശ്വാസം. കൂടെ, പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും(ഹെബ്രാ:11).

നിന്റെ കാഴ്ചയുടെയും വിശകലനങ്ങളുടെയും Range ൽ അല്ല ദൈവത്തിന്റെ ഇടപെടൽ എന്നാണ് ഇതിന്റെ അർത്ഥം.

ഉല്പ:16 – ഷൂർ മരുഭൂമിയുടെ ഊഷരമായ മണൽത്തിട്ടയിൽ നിന്നൊരു നീർപ്രവാഹം ഉണ്ടായി എന്നത് ഹാഗാറിന്റെ സാദ്ധ്യതയായിരുന്നില്ലല്ലോ...

1 രാജാ.17:6– ഒരു മണലാരണ്യത്തിലെ വാടാമുൾച്ചെടിക്കു മുമ്പിൽ തളർന്നുറങ്ങുന്ന പ്രവാചകനു വേണ്ടി ചുടുകല്ലിൽ ചുട്ടെടുത്ത അപ്പവും, ജലവും ഏലിയായുടെ സ്വപ്നത്തിൽപ്പോലും ഉണ്ടായിരുന്നതല്ലല്ലോ...

ഭർത്താവിന്റെ സാന്നിദ്ധ്യമില്ലാതെ ഒരുയുവതി എങ്ങനെ ഗർഭവതിയാകും എന്ന് മറിയം ചോദിക്കുമ്പോൾ, അത്യുന്നതന്റെ ശക്തിയാൽ അതു സംഭവിക്കും എന്നത് പ്രായോഗികാനുഭവങ്ങളുടെയോ ശാസ്ത്രത്തിന്റെയോ വിശകലനമനുസരിച്ചായിരുന്നില്ലല്ലോ...

അതുകൊണ്ട് നിനക്കുവേണ്ടത് ഒരു കടുകുമണിയോളം വിശ്വാസം മാത്രം. അത് നിന്നെ ഒരു താബോറിലെത്തിക്കുമെങ്കിൽ പിന്നെ ഇടറാത്ത പാദങ്ങളുമായി നീ ഏതു ദുരന്തങ്ങളുടെ താഴവരയും കടക്കും. ഇടനെഞ്ചിൽ തുടിയില്ലാതെ ഏതു കാൽവരിയും കയറുമെന്ന ഉറപ്പാണ് ഇന്നത്തെ വചനം നല്കുന്ന നല്ല വിശേഷം.

**ഫാ. അലക്സ് വേലാച്ചേരിൽ.**